**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3567

12.12.2014-ൽ മറുപടിക്ക്

**കാസർഗോഡ് ജില്ലയിൽ തെരുവുനായ്ക്കളുടെ ശല്യം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ഡോ: എം.കെ. മുനീർ<br>(പഞ്ചായത്തും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) വഴിയാത്രകൾക്ക് ഭീഷണിയാകുന്ന ഇത്തരം നായ്ക്കളെ നിയന്ത്രിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദീകരിക്കാമോ; | (ബി) നായ്ക്കളുടെ വംശ വർദ്ധനവ് തടയുന്നതിന് വേണ്ടി രൂപ കൽപ്പന നടത്തിയിട്ടുള്ള എ.ബി.സി പ്രോഗ്രാം സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും സമയബന്ധിതമായി ഏറ്റെടുത്തു നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും മറ്റ് സന്നദ്ധ സംഘടനകളുമായി ചേർന്ന് ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ സഹായത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനാണ് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. തെരുവ് നായ്ക്കളെ വന്ധ്യംകരണം നടത്തി പേവിഷബാധ കുത്തിവയ്പ്പ് നൽകുന്ന പദ്ധതിക്ക് 02.09.2014-ലെ (സാധാ) നം. 2306/2014/തസ്വഭവ സർക്കാർ ഉത്തരവും, 16.10.2014-ലെ (സാധാ) നം. 2673/14/തസ്വഭവ സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) തെരുവുനായ്ക്കളെ വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;<br><br>(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി)<br>(ഡി) പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ